ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 04-03-2026 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. പശ്ചിമേഷ്യയിലെ സ്ഥിഗതികൾ സംബന്ധിച്ച് കുവൈത്ത് കിരീടാവകാശി, ഖത്തർ അമീർ, ഒമാൻ സുൽത്താൻ എന്നിവരുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ടെലിഫോൺ സംഭാഷണം നടത്തി. ഇന്ത്യൻ സമൂഹത്തിന് നൽകുന്ന പിന്തുണയെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

   **Prime Minister Narendra Modi held telephone conversation with the Crown Prince of Kuwait, the Emir of Qatar, and the Sultan of Oman regarding the situation in West Asia.; Hails support to the Indian community.**

2. ഗൾഫ് മേഖലയിലെ ഇന്ത്യ പൗരന്മാരുടെ സുരക്ഷയ്ക്ക് പ്രഥമ പരിഗണന എന്ന് കേന്ദ്രസർക്കാർ. നയതന്ത്രത്തിനും സംഭാഷണത്തിനും ആഹ്വാനം.

   **India stresses, safety and wellbeing of its one crore nationals in Gulf region is utmost priority; Calls or diplomacy and dialogue.**

3. പശ്ചിമേഷ്യയിലെ സംഘർഷം അഞ്ചാംദിവസത്തിലേക്ക് കടന്നു. ഇറാന്റെ നതാൻസ് ആണവ കേന്ദ്രത്തിൽ നാശനഷ്ടങ്ങൾ സ്ഥിരീകരിച്ച് അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി.

   **The conflict in West Asia has entered its fifth day. The International Atomic Energy Agency confirmed damage at Iran's Natanz nuclear facility.**

4. ഇറാൻ ഇസ്രായേൽ സംഘർഷ പശ്ചാത്തലത്തിൽ അന്താരാഷ്ട്ര വിപണിയിൽ പ്രകൃതിവാതക വില ഉയർന്നു.

നിലവിലെ സാഹചര്യം നേരിടാൻ ആവശ്യമായ ഊർജ്ജ ശേഖരം ഇന്ത്യയ്ക്കുണ്ടെന്ന് പെട്രോളിയം മന്ത്രാലയം.

**In the context of the Israel-Iran conflict, natural gas prices have risen in international markets. The Ministry of Petroleum has confirmed that India has sufficient energy reserves to deal with the current situation.**

5. നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ നാളെ കേരളത്തിലെത്തും.

   **Ahead of the legislative elections, Chief Election Commissioner Gyanesh Kumar will arrive in Kerala tomorrow.**

6. ICC ട്വന്റി - 20 ക്രിക്കറ്റ് ലോകകപ്പ് സെമി ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ആദ്യ സെമിയിൽ ദക്ഷിണാഫ്രിക്ക-ന്യൂസിലൻഡ് പോരാട്ടം.

   **The ICC T20 Cricket World Cup semi-finals to begin today. South Africa set to clash with New Zealand in the first semi-final match.**

*************************************

## PM KUWAIT QATAR OMAN

പശ്ചിമേഷ്യയിലെ സ്ഥിഗതികൾ സംബന്ധിച്ച് കുവൈത്ത് കിരീടാവകാശിയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ടെലിഫോൺ സംഭാഷണം നടത്തി. പ്രാദേശിക സമാധാനവും സ്ഥിരതയും പുനഃസ്ഥാപിക്കുന്നതിൽ സംഭാഷണത്തിന്റെയും നയതന്ത്രത്തിന്റെയും പ്രാധാന്യം അദ്ദേഹം എടുത്തു പറഞ്ഞു. ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനി , ഒമാൻ സുൽത്താൻ ഹൈതം ബിൻ താരിക്ക് എന്നിവരുമായും ശ്രീ മോദി സംസാരിച്ചു. ഇന്ത്യൻ സമൂഹത്തിന് രാജ്യങ്ങൾ നൽകുന്ന പിന്തുണയെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

*************************************

## MEA- WEST ASIA

പശ്ചിമേഷ്യയിലെ സംഘർഷത്തിൽ നയതന്ത്രത്തിനും സംഭാഷണത്തിനുമുള്ള ആഹ്വാനം ആവർത്തിച്ച് ഇന്ത്യ. ഗൾഫ്

മേഖലയിലെ ഏകദേശം ഒരു കോടി ഇന്ത്യൻ പൗരന്മാരെ പ്രതികൂലമായി ബാധിക്കുന്ന ഒരു നീക്കത്തെയും ഇന്ത്യ അനുകൂലിക്കില്ലെന്നും പൗരന്മാരുടെ സുരക്ഷയ്ക്ക് പ്രഥമ പരിഗണന നൽകുന്നതായും വിദേശകാര്യവക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. നിലവിലെ സാഹചര്യം സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്നും ദേശീയ താൽപ്പര്യം കണക്കിലെടുത്ത് ഉചിതമായ തീരുമാനങ്ങളെടുക്കുമെന്നും വിദേശകാര്യവക്താവ് അറിയിച്ചു.

****************************************

## WEST ASIA CONFLICT

ഇറാനിലെ ആണവ കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് ഇസ്രയേൽ-യുഎസ് സംയുക്ത സൈനിക നടപടി തുടരവേ, പശ്ചിമേഷ്യയിലെ സംഘർഷം അഞ്ചാംദിവസത്തിലേക്ക് കടന്നു. ഓപ്പറേഷൻ എപ്പിക് ഫ്യൂറി ആരംഭിച്ചതിനുശേഷം, തങ്ങളുടെ വ്യോമസേന മുന്നൂറോളം ഇറാനിയൻ മിസൈൽ ലോഞ്ചറുകളെ നിർവീര്യമാക്കിയതായി ഇസ്രയേൽ പറഞ്ഞു. ഇറാന്റെ ബാലിസ്റ്റിക് മിസൈൽ ശൃംഖലക്കും വ്യോമപ്രതിരോധ സംവിധാനങ്ങൾക്കുമെതിരെ ഇസ്രയേൽ തുടർച്ചയായി ആക്രമണം നടത്തുകയാണ്. ഹിസ്ബുള്ളയുമായി ബന്ധപ്പെട്ട 60 കേന്ദ്രങ്ങൾ ആക്രമിച്ച ഇസ്രയേൽ ലെബനനിലും വ്യോമാക്രമണം ശക്തമാക്കി. പശ്ചിമേഷ്യയിൽനിന്ന് ഒന്പതിനായിരത്തിലധികം അമേരിക്കക്കാർ സുരക്ഷിതമായി യുഎസിലേക്ക് മടങ്ങിയതായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പറഞ്ഞു. അതേസമയം, പശ്ചിമേഷ്യയിലെ നിരവധി രാജ്യങ്ങളിൽ ഇറാൻ പ്രത്യാക്രമണം തുടരുകയാണ്. തങ്ങളുടെ വ്യോമപ്രതിരോധ സംവിധാനം ഇന്നലെ 11 ബാലിസ്റ്റിക് മിസൈലുകളും 123 ഡ്രോണുകളും തടഞ്ഞതായി യുഎഇ പ്രതിരോധ മന്ത്രാലയം അറിയിച്ചു.

****************************************

## NATANZ NUCLEAR

ഇറാന്റെ നതാൻസ് ആണവ കേന്ദ്രത്തിൽ ആക്രമണത്തെ തുടർന്ന് നാശനഷ്ടങ്ങൾ ഉണ്ടായതായി അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി സ്ഥിരീകരിച്ചു. ആണവ വികിരണത്തിന്റെ ലക്ഷണങ്ങളൊന്നും കണ്ടെത്തിയിട്ടില്ലെന്ന് യുഎൻ ആണവ നിരീക്ഷണ സംഘം അറിയിച്ചു.

*************************************

## WESTASIA-GAS, FLIGHT (INTRO)

പശ്ചിമേഷ്യയിൽ , സംഘർഷം രൂക്ഷമായതോടെ അന്താരാഷ്ട്ര വിപണിയിൽ പ്രകൃതിവാതക വില കുതിച്ചു ഉയർന്നു. ആഗോള ഓഹരി വിപണി വൻ ഇടിവാണ് നേരിട്ടത്. വിശദാംശങ്ങളിലേക്ക്...

(വോയ്സ്)

യുകെയിൽ പ്രകൃതിവാതക വില ഇന്നലെ മൂന്ന് വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന നിലയിലേക്ക് ഉയർന്നു, അതേസമയം ബ്രെന്റ് ക്രൂഡ് ഓയിൽ 2024 ജൂലൈയ്ക്ക് ശേഷം ആദ്യമായി ബാരലിന് 85 ഡോളറിനു മുകളിൽ ഉയർന്നു. യുഎസ്, യൂറോപ്യൻ ഓഹരി വിപണികൾ ഇടിഞ്ഞു. റഷ്യ-യുക്രെൻ യുദ്ധം തുടങ്ങിയ കാലത്തെ സമാനമായ പ്രത്യാഘാതങ്ങൾ വീണ്ടും ഉണ്ടാകുമെന്ന് ആശങ്കയുണ്ട്. ജർമ്മനി ഫ്രാൻസ് ജപ്പാൻ ചൈന എന്നിവിടങ്ങളിലെ ഓഹരി സൂചികകളും ഇടിഞ്ഞു. അതേസമയം, ഇന്ത്യയിൽ ഇന്ധന ലഭ്യത ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചതായും നിലവിലെ സാഹചര്യം നേരിടാൻ ആവശ്യമായ ഊർജ്ജ ശേഖരം രാജ്യത്തിനുണ്ടെന്നും കേന്ദ്രസർക്കാർ അറിയിച്ചു. ഗൾഫ് മേഖലയിൽ കുടുങ്ങികിടക്കുന്ന ഇന്ത്യൻ പൗരന്മാരെ തിരികെയെത്തിക്കാൻ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ആവശ്യമുള്ളിടത്ത് വിമാനക്കമ്പനികൾ അധിക ശേഷി ഉപയോഗപ്പെടുത്തുമെന്നും കേന്ദ്ര വ്യോമയാന മന്ത്രാലയം

പ്രസ്താവനയിൽ പറഞ്ഞു. ഇൻഡിഗോയുടെ 30 ഉം എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസും 23 ഉം ഉൾപ്പെടെ ഇന്ന് 58 വിമാനങ്ങൾ സർവീസ് നടത്തുമെന്നും മന്ത്രാലയം അറിയിച്ചു. ഈ കാലയളവിൽ ടിക്കറ്റ് നിരക്കുകളിൽ അനാവശ്യമായ വർദ്ധനവ് ഉണ്ടാകാതിരിക്കാൻ സൂക്ഷ്മമായി നിരീക്ഷിക്കുകയാണെന്നും മന്ത്രാലയം വ്യക്തമാക്കി.

**ന്യൂസ് ഡസ്ക്, ആകാശവാണി........**

**************************************

## INDIAN EMBASSY IRAN

സുരക്ഷാഭീഷണി കണക്കിലെടുത്ത് ടെഹ്റാനിലുണ്ടായിരുന്ന ഭൂരിഭാഗം ഇന്ത്യൻ വിദ്യാർത്ഥികളെയും സുരക്ഷിതകേന്ദ്രങ്ങളിലേക്ക് മാറ്റിയതായി ഇറാനിലെ ഇന്ത്യൻ എംബസി അറിയിച്ചു. ഇവർക്ക് ഭക്ഷണം, താമസം തുടങ്ങിയവയ്ക്കുള്ള ക്രമീകരണങ്ങൾ ഒരുക്കിയതായും എംബസി വ്യക്തമാക്കി. ഇറാനിൽ തുടരുന്ന ഇന്ത്യൻ വിദ്യാർത്ഥികളോടും പൗരന്മാരോടും വീടുകൾക്കുള്ളിൽ തന്നെ കഴിയാനും പ്രതിഷേധങ്ങൾ നടക്കുന്ന മേഖലകളിൽ നിന്ന് വിട്ടുനിൽക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

**************************************

## CBSE-EXAM ADVISORY

ഗൾഫ് മേഖലയിൽ നാളെയും മറ്റന്നാളും നടത്താനിരുന്ന 10, 12 ക്ലാസ്സുകളിലെ സി.ബി.എസ്.ഇ പരീക്ഷകൾ മാറ്റിവെച്ചു. ബഹ്റൈൻ, ഇറാൻ, കുവൈറ്റ്, ഒമാൻ, ഖത്തർ, സൗദി അറേബ്യ, യു.എ.ഇ എന്നീ രാജ്യങ്ങളിലെ നിലവിലെ സാഹചര്യം കണക്കിലെടുത്താണ് തീരുമാനം. പുതുക്കിയ പരീക്ഷാ തീയതികൾ പിന്നീട് അറിയിക്കും.

**************************************

## TRUMP-IRANIAN REGIME

യുഎസ് - ഇസ്രയേൽ സൈനിക നടപടി അവസാനിച്ചു കഴിഞ്ഞാൽ ഇറാനിയൻ ഭരണകൂടത്തിനുള്ളിൽ നിന്നുള്ള ഒരാൾ അധികാരം ഏറ്റെടുക്കുകന്നതിനെയാണ് പിന്തുണക്കുകയെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. പുറത്താക്കപ്പെട്ട മുൻ ഭരണാധികാരി ഷായുടെ നാടുകടത്തപ്പെട്ട മകൻ റെസ പഹ്‌ലവിയെ സ്ഥാനം ഏൽപ്പിക്കാൻ ആലോചിച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

****************************************

## TRUMP-SPAIN

ഇറാനെതിരായ ആക്രമണങ്ങൾക്ക് പിന്തുണ നൽകാത്തതിനാൽ സ്പെയിനുമായുള്ള വ്യാപാരം അവസാനിപ്പിക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. നാറ്റോ ചെലവ് വർദ്ധിപ്പിക്കുന്നതിനെ സ്പെയിൻ ചെറുക്കുന്നതായും ട്രംപ് കുറ്റപ്പെടുത്തി. ഐക്യരാഷ്ട്ര സംഘടനയുടെ ചാർട്ടറിൽ ഉൾപ്പെടാത്ത ഏതൊരു ആക്രമണത്തിലും സ്പെയിനിലെ താവളങ്ങൾ ഉപയോഗിക്കാൻ അമേരിക്കയെ അനുവദിക്കില്ലെന്ന് സ്പാനിഷ് വിദേശമന്ത്രി ഹോസെ മാനുവൽ അൽബാരെസ് നേരത്തെ വ്യക്തമാക്കിയിരുന്നു.

****************************************

## SRI LANKA-PREZ

പശ്ചിമേഷ്യൻ സംഘർഷങ്ങൾക്ക് എത്രയും വേഗം പരിഹാരം കാണണമെന്ന് ശ്രീലങ്കൻ പ്രസിഡൻറ് അനുര കുമാര ദിസനായകെ. നീണ്ടു നിൽക്കുന്ന സംഘർഷങ്ങൾ ശ്രീലങ്ക ഉൾപ്പെടെയുള്ള ആഗോള, പ്രാദേശിക സമ്പദ്‌വ്യവസ്ഥകളെ ദോഷകരമായി ബാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. നിലവിൽ ഇന്ധന ശേഖരം പര്യാപ്തമാണെന്നും, ഏകദേശം 33 ദിവ

സത്തേക്ക് ഡീസലും 27 ദിവസത്തേക്ക് പെട്രോളും ലഭ്യമാണെന്നും ശ്രീലങ്കൻ പ്രസിഡൻറ് അറിയിച്ചു.

*************************************

## DEFENCE CONTRACTS

സമുദ്ര സുരക്ഷ വർധിപ്പിക്കുന്നത് ലക്ഷ്യമിട്ട് 5,083 കോടി രൂപയുടെ കരാറുകളിൽ ഒപ്പുവച്ച് പ്രതിരോധ മന്ത്രാലയം. തീരസംരക്ഷണ സേനയ്ക്കായി ആറ് അത്യാധുനിക ലൈറ്റ് ഹെലികോപ്റ്ററുകളും , ഇന്ത്യൻ നാവികസേനയക്കായി ഉപരിതലത്തിൽ നിന്ന് വിക്ഷേപിക്കാവുന്ന 'ഷ്റ്റിൽ' മിസൈലുകളും വാങ്ങാനുള്ളതാണ് കരാറുകൾ. ന്യൂഡൽഹിയിൽ പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗിന്റെ സാന്നിധ്യത്തിലാണ് കരാറുകൾ ഒപ്പുവച്ചത്. ഹെലികോപ്റ്ററുകൾ വാങ്ങുന്നതിനായി ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡുമായും മിസൈലുകൾക്കായി റഷ്യൻ ഫെഡറേഷന്റെ റോസോബോറോൺ എക്സ്പോർട്ടുമായാണ് കരാറുകളിലേർപ്പെട്ടത്.

*************************************

## DGFT - NOTICE

ഇന്ത്യയുടെ കയറ്റുമതിയുമായി ബന്ധപ്പെട്ട് വിതരണശൃംഖലയിലെ തടസ്സങ്ങളിൽ, നിലവിലുള്ള ഭൗമരാഷ്ട്രീയ സംഭവവികാസങ്ങളുടെ ആഘാതം വിലയിരുത്തുന്നതിനായി ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ് അന്തർ- മന്ത്രിതല സമിതി രൂപീകരിച്ചു. വിതരണ ശൃംഖലകളെ ബാധിക്കുന്ന ആഗോള സംഭവവികാസങ്ങൾ നിരീക്ഷിക്കുന്ന സമിതി, മേഖലാടിസ്ഥാനത്തിലുള്ള കയറ്റുമതി–ഇറക്കുമതി ദുർബലതകൾ വിലയിരുത്തും.

*************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

***************************************

## ELECTION COMMISSION - KERALA

നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ നാളെ കേരളത്തിലെത്തും. മൂന്ന് ദിവസത്തെ സന്ദർശനത്തിനിടെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ, ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ, ബൂത്ത് ലെവൽ ഓഫീസർമാർ എന്നിവരുമായി ചർച്ചകൾ നടത്തും. കന്നി വോട്ടർമാരുമായി അദ്ദേഹം സംവദിക്കും.

***************************************

## ICC T-20 (INTRO)

ICC ട്വന്റി - 20 ലോകകപ്പ് സെമി ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കമാവും. ആദ്യ സെമിയിൽ ഇന്ന് ദക്ഷിണാഫ്രിക്ക-ന്യൂസിലൻഡിനെ നേരിടും.

**ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്........**

(ഹോൾഡ് വോയ്സ്)

***************************************

## BADMINTON

ഓൾ ഇംഗ്ലണ്ട് ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന് ബിർമിംഗ്ഹാമിൽ തുടക്കമായി. പുരുഷ സിംഗിൾസിൽ ലക്ഷ്യ സെൻ ലോക ഒന്നാം നമ്പർ താരവും നിലവിലെ ചാമ്പ്യനുമായ ചൈനയുടെ ഷി യു ക്വിയെ പരാജയപ്പെടുത്തി.

***************************************

## HOLI COLOUR PREPARATIONS – WORKSHOP

ഇന്നാണ് വർണ്ണങ്ങളുടെ ഉത്സവമായ ഹോളി. തിന്മയുടെ മേൽ നന്മയുടെ വിജയത്തെ സൂചിപ്പിക്കുന്ന ഈ ഉത്സവം , വസന്തകാലത്തിന്റെ ആരംഭത്തെ അടയാളപ്പെടുത്തുന്നു. ജാതി-മത- ലിംഗഭേദമില്ലാതെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും ഹോളി ആഘോഷിക്കുന്നു. പരസ്പരം നിറങ്ങൾ പൂശുകയും, ആശംസകൾ കൈമാറുകയും, മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു. രാജ്യത്തെ ജനങ്ങൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമുവും ലോക്സഭാ സ്പീക്കർ ഓം ബിർളയും ഹോളി ആശംസകൾ നേർന്നു. സാമൂഹിക ഐക്യത്തിന്റെ സന്ദേശം നൽകുന്ന സന്തോഷത്തിന്റെയും ആഘോഷത്തിന്റെയും ഉത്സവമാണ് ഹോളിയെന്ന് രാഷ്ട്രപതി പറഞ്ഞു. നിറങ്ങളുടെയും ആവേശത്തിന്റെയും പരസ്പര ഐക്യത്തിന്റെയും ആഘോഷമാണ് ഹോളിയെന്ന് ശ്രീ ബിർള തന്റെ സന്ദേശത്തിൽ വിശേഷിപ്പിച്ചു.

**********************************************************************************************
*****************************************************************************